**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 206** **17-03-2022 - ൽ മറുപടിയ്ക്ക്**

**സ്വകാര്യ ഉല്പാദകരിൽ നിന്നും വൈദ്യുതി വാങ്ങുന്നതിന് റഗുലേറ്ററി കമ്മീഷന്റെ അനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി ,<br>ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ശ്രീ . എൻ . ഷംസുദ്ദീൻ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ | | null<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വൈദ്യുതി ബോർഡ് സ്വകാര്യ ഉല്പാദകരിൽ നിന്നും വൈദ്യുതി വാങ്ങുന്നതിന് റഗുലേറ്ററി കമ്മീഷന്റെ അനുമതി ആവശ്യമാണോയെന്ന് അറിയിക്കാമോ; | (എ) | വൈദ്യുതി ബോർഡ് സ്വകാര്യ ഉല്പാദകരിൽ നിന്നും വൈദ്യുതി വാങ്ങുന്നതിന് ഇലക്ട്രിസിറ്റി ആക്റ്റിന്റെ വകുപ്പ് 86 (ബി) അനുസരിച്ച് റെഗുലേറ്ററി കമ്മീഷന്റെ അനുമതി ആവശ്യമാണ്. |
| (ബി) | ഇപ്രകാരം അനുമതി വാങ്ങാതെ വൈദ്യുതി വാങ്ങാനുള്ള ഇരുപത്തിയഞ്ച് വർഷത്തെ കരാർ നടപ്പാക്കിയിരിക്കുന്നതിലൂടെ പതിനയ്യായിരം കോടി രൂപയുടെ അധികബാധ്യത ബോർഡിനുണ്ടായതായി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | അനുമതി വാങ്ങാതെ വൈദ്യുതി വാങ്ങാനുള്ള ഇരുപത്തിയഞ്ച് വർഷത്തെ കരാർ നടപ്പാക്കിയിരിക്കുന്നതിലൂടെ പതിനയ്യായിരം കോടി രൂപയുടെ അധിക ബാധ്യത ബോർഡിന് ഉണ്ടായതായി കണ്ടെത്തിയിട്ടില്ല. |
| (സി) | പ്രസ്തുത കരാർ റദ്ദാക്കണമെന്ന കേന്ദ്ര വൈദ്യുത മന്ത്രാലയത്തിന്റെ നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ? | (സി) | കരാർ റദ്ദാക്കാൻ കേന്ദ്ര വൈദ്യുതി മന്ത്രാലയം നിർദ്ദേശിച്ചിട്ടില്ല. എന്നാൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ഏർപ്പെട്ട DBFOO പ്രകാരം 2014-2015 കാലയളവിൽ ഒപ്പ് വച്ച ചില ദീർഘകാല വൈദ്യുതി വാങ്ങൽ കരാറുകൾക്ക് സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ ഇതുവരെ അനുമതി നൽകിയിട്ടില്ല. ബോർഡ് സർക്കാരിന് സമർപ്പിച്ച പ്രസ്തുത വിഷയം സംബന്ധിച്ച പ്രൊപ്പോസൽ പരിശോധിച്ച് ഉചിത ശുപാർശ സമർപ്പിക്കുവാൻ അഡീഷണൽ ചീഫ് സെക്രട്ടറി (ഫിനാൻസ്), പ്രിൻസിപ്പൽ സെക്രട്ടറി (പവർ), സെക്രട്ടറി (നിയമം), ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് എന്നിവർ അംഗങ്ങളായിട്ടുള്ള ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നു. Standard bidding documents-നു വന്ന വ്യതിയാനങ്ങൾ സംസ്ഥാന ഗവൺമെന്റ് അംഗീകരി ക്കേണ്ടതില്ല എന്നും കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്. കൂടാതെ, ഈ ദീർഘകാല കരാറുകളിൽ നിന്നും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ഇതേ വ്യവസ്ഥകൾ ഒഴിവാക്കിയാൽ |

| | | | |
|---|---|---|---|
| | | | ഉദ്ദേശം ഏകദേശം 800 കോടി രൂപയുടെ അധിക ബാധ്യത ഒഴിവാക്കാൻ ആകുമെന്ന് അനുമാനിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ ശുപാർശയിന്മേൽ ഗവൺമെന്റ് തീരുമാനം എടുക്കുന്ന മുറയ്ക്ക് വൈദ്യുതി ബോർഡിന് അന്തിമതീരുമാനങ്ങൾക്കായി സംസ്ഥാന റെഗുലേറ്ററി കമ്മീഷനെ സമീപിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ